# Malayala Manorama

# 27 August 2018

# Kochi, After Flood, Rescue Operation, Injured

## രക്ഷാപ്രവർത്തനത്തിനിടെ പരുക്കേറ്റ രത്നകുമാറിന് സാന്ത്വനമായി അമൃത

### പല ആശുപത്രികളും ചികിൽസ നിഷേധിച്ചതായി ആക്ഷേപം



രത്നകുമാർ കൊച്ചി അമൃത ആശുപത്രിയിൽ.

കൊച്ചി ● പ്രളയദിനങ്ങളിൽ ചെങ്ങന്നൂരിന്റെ രക്ഷകനായിരുന്ന മൽസ്യത്തൊഴിലാളി രത്നകുമാറിന്റെ ആരോഗ്യ നിലയിൽ നേരിയ പുരോഗതി. രക്ഷാപ്രവർത്തനത്തിനിടെ ഗുരുതരമായി പരുക്കേറ്റതിനെ തുടർന്ന് അമൃത ആശുപത്രിയിൽ ചികിൽസയിലാണ് ഇദ്ദേഹം. പല ആശുപത്രികളും ചികിൽസ നിഷേധിച്ചതിനെ തുടർന്നാണു രത്നകുമാർ അമൃത ആശുപത്രിയിലെത്തിയത്.

ചെങ്ങന്നൂരിലെ പാണ്ടനാട് മേഖലയിലായിരുന്നു ആറാട്ടുപുഴ കള്ളിക്കാട് മുണ്ടുചിറ വീട്ടിൽ രത്നകുമാറിന്റെ രക്ഷാപ്രവർത്തനം. പ്രളയം ചെങ്ങന്നൂരിനെ ഒന്നായി വിഴുങ്ങിയ 16നു വള്ളത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെയാണ് അപകടമുണ്ടായത്. വീടിനുള്ളിൽ അകപ്പെട്ടുപോയ രോഗിയായ യുവാവിനെ രക്ഷിക്കാനുള്ള തീവ്രപ്രയത്നത്തിലായിരുന്നു രത്നകുമാർ. വള്ളത്തിൽ നിന്നിറങ്ങി രോഗിയെ ഇരുകൈകളിലുമെടുത്തു തലയ്ക്കുമുകളിൽ പൊക്കിപ്പിടിച്ചു. ഇതിനിടെ ഒഴുകിവന്ന കവുങ്ങുതടി വയറിലേക്കു ശക്തമായിടിച്ചു വലിയ മുറിവുണ്ടായി. എങ്കിലും രോഗിയെ കൈവിടാതെ രത്നകുമാർ വള്ളത്തിലെത്തിച്ചു.

വയറിലും കാലിലും ആഴത്തിൽ മുറിവേറ്റ രത്നകുമാറിനെ ആദ്യം തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചു. ഡോക്ടർമാരില്ല എന്ന കാരണമാണ് ആശുപത്രി അധികൃതർ പറഞ്ഞത്. സ്കാൻ ചെയ്തെങ്കിലും 8,000 രൂപ നൽകാനില്ലാത്തതിനാൽ റിപ്പോർട്ട് നൽകിയില്ല. ശസ്ത്രക്രിയ നടത്താൻ അരലക്ഷം രൂപയും ആവശ്യപ്പെട്ടു.

തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളജിലെത്തിച്ചു. ശസ്ത്രക്രിയ നടത്തിയെങ്കിലും കവുങ്ങുതടിയുടെ ആരുകൾ പോലും ഡോക്ടർമാർ എടുത്തുകളഞ്ഞില്ലെന്നു ബന്ധുക്കൾ പറയുന്നു. വയറിൽ 42 സ്റ്റിച്ചും കാലിൽ എട്ട് സ്റ്റിച്ചുമുണ്ട്. വീട്ടിൽപോയി വിശ്രമിച്ചാൽ മതിയെന്നായിരുന്നു ഡോക്ടർമാരുടെ നിർദേശം.

ഒറ്റമുറി വീട്ടിലേക്കു കൊണ്ടുപോയാൽ അണുബാധയ്ക്കുള്ള സാധ്യത കൂടുമെന്നു ഭാര്യ ജിഷ ബോധ്യപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല. നാലു ദിവസത്തിനു ശേഷം ഉണങ്ങാത്ത മുറിവുകളുമായി അവർ വീട്ടിലെത്തി. തുടർന്നു കെ.സി. വേണുഗോപാൽ എംപിയും മറ്റും ഇടപെട്ടാണു രത്നകുമാറിനെ അമൃതയിലേക്കു മാറ്റിയത്.

അമൃതയിൽ ചികിൽസകളെല്ലാം സൗജന്യമാണ്. മുഖ്യമന്ത്രി പിണറായി വിജയൻ രത്നകുമാറിനെ കഴിഞ്ഞ ദിവസം നേരിട്ടു വിളിച്ചു സഹായവാഗ്ദാനങ്ങൾ നൽകിയിരുന്നു.

രത്നകുമാർ കിടപ്പിലായതോടെ ഭാര്യയും രണ്ടു പെൺമക്കളും അടങ്ങുന്ന കുടുംബത്തിന്റെ വരുമാനവും നിലച്ചു.